# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3459

12-12-2014 ൽ മറുപടിയ്ക്ക്

## നെല്ല് ഉല്പാദനത്തിന് കർഷകന് ധനസഹായം

**ചോദ്യം**
ശ്രീ. ബി. സത്യൻ

**മറുപടി**
ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് നെൽകൃഷി നടത്തുന്നത് എത്ര ഹെക്ടറിലാണ്;

(എ) സംസ്ഥാനത്ത് 2013-14 വർഷം 199611 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടപ്പിലാക്കുകയുണ്ടായി. 2014-15 നടപ്പ വർഷത്തേയ്ക്കായി 209000 ഹെക്ടർ സ്ഥലത്തേയ്ക്കുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

(ബി) നെല്ല് ഉല്പാദനത്തിന് കർഷകന് എന്തെല്ലാം ധനസഹായമാണ് നൽകി വരുന്നത്;

(ബി) 2014-15 വർഷം താഴെപ്പറയുന്ന നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**1. സുസ്ഥിര നെൽകൃഷി വികസനം** (ഗ്രൂപ്പ് ഫാമിംഗ്) ഹെക്ടറിന് 4500 രൂപ സബ്സിഡി നൽകികൊണ്ട് ഉൽപ്പാദനോപാധികളുടെ ചെലവ് ഇനത്തിനായി 1,80,000 ഹെക്ടറിലേക്ക്, സംസ്ഥാന വിഹിതമായി 2700 ലക്ഷം രൂപയുടേയും ആർ.കെ.വി.വൈ പദ്ധതി പ്രകാരം 5,400 ലക്ഷം രൂപയുടേയും പദ്ധതി നടപ്പിലാക്കിവരുന്നു.

**2. നെൽകൃഷി വികസന ഏജൻസികൾക്കുള്ള ധനസഹായം -** നെൽകൃഷി വികസന ഏജൻസി മുഖാന്തിരം നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

**3) പൊക്കാളി നെൽകൃഷി വികസന പദ്ധതി -** ഈ പദ്ധതി പ്രകാരം പൊക്കാളി കൃഷി നടപ്പിലാക്കുന്നതിനായി ആലപ്പുഴ,

എറണാകുളം, തൃശ്ശൂർ ജില്ലകളിലായി 695 ഹെക്ടർ പ്രദേശത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി 69.5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഹെക്ടറിന് 10,000 രൂപ സബ്സിഡി നൽകുന്നു.

**4)പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് -** കുട്ടനാട് പ്രദേശത്തേക്കായി തരിശുനില നെൽകൃഷി നടപ്പിലാക്കുന്നതിനായി ഹെക്ടറിന് 30,000 രൂപ സബ്സിഡി നൽകി പദ്ധതി നടപ്പിലാക്കുന്നു. ആകെ 166.67 ഹെക്ടറിന് 50 ലക്ഷം രൂപ .

**5) പ്രത്യേക നെല്ലിനങ്ങളുടെ വികസനം -** പ്രത്യേക നെല്ലിനങ്ങളായ പൊക്കാളി, ഞവര, ബസ്മതി, ജീരകശാല, ഗന്ധകശാല എന്നിവ കൃഷി ചെയ്യുന്നതിനായി ഹെക്ടറിന് 10,000 രൂപ സബ്സിഡി നൽകി ആകെ 2000 ഹെക്ടറിൽ 200 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

**6) തരിശു നില നെൽകൃഷി വികസനം -** ആർ.കെ.വി.വൈ പദ്ധതി പ്രകാരം തരിശു നിലങ്ങൾ നെൽകൃഷി യോഗ്യമാക്കുന്നതിനായി ഹെക്ടറിന് 11500 രൂപ സബ്സിഡി നിരക്കിൽ 1550 ഹെക്ടർ സ്ഥലത്ത് 178.25 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

**7) പാടശേഖരസമിതികൾക്കുള്ള പ്രവർത്തന ഫണ്ട് -** പാടശേഖരങ്ങളുടെ പ്രവർത്തനചെലവ് വഹിക്കുന്നതിനായി 302 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

**8)** ഹെക്ടറൊന്നിന് 1000 രൂപ നിരക്കിൽ പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകി വരുന്നു.

**9)** സൗജന്യ വൈദ്യുതി ആനുകൂല്യം നെൽകൃഷി മേഖലയിലും നൽകി വരുന്നു.

| | | | |
|---|---|---|---|
| (സി) | തരിശ് ആയി കിടന്നിരുന്ന നെൽവയലുകളിൽ നെൽകൃഷി നടത്തുന്ന പഞ്ചായത്തുകൾക്ക് പ്രത്യേക ധനസഹായം അനുവദിക്കുന്ന കാര്യം പരിഗണിക്കാമോ? | (സി) | 2014-15 വർഷം തരിശായി ക്കിടക്കുന്ന നെൽവയലുകളിൽ നെൽകൃഷി നടത്തുന്നതിനായി ആർ.കെ.വി.വൈ പദ്ധതി പ്രകാരം ഹെക്ടറിന് 11500 രൂപ സബ്സിഡി നൽകി 1550 ഹെക്ടർ പ്രദേശത്ത് പദ്ധതി നടപ്പിലാക്കി വരുന്നു. |

ഇതിനു പുറമേ കുട്ടനാട് പ്രദേശത്തേയ്ക്കായി തരിശുനില നെൽകൃഷി വികസനത്തിനായി ഹെക്ടറൊന്നിന് 30,000 രൂപ സബ്സിഡി നൽകി 166.67 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ